എ.ഡി.(3) 4904/2014

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം, തീയതി. 31.07.2015

## സർക്കുലർ നമ്പർ 1/2015

വിഷയം: സഹകരണ വകുപ്പ് - ആഡിറ്റ് - പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ആഡിറ്റ് - കുടിശ്ശിക വായ്പ-പലിശ എന്നിവയ്ക്ക് കരുതൽ വയ്ക്കുന്നത്- മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:

1. സഹകരണ ആഡിറ്റ് മാനുവലിലെ അനുബന്ധം 2-ലെ സംശയാസ്പദവും കിട്ടാക്കടവുമായ മുതലുകളുടെ തരം തിരിവുകൾ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 13.02.2006-ലെ 3/2006-ാം നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 10.12.2007-ലെ 40/2007 നമ്പർ സർക്കുലർ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 15.07.2015-ലെ എ.ഇ.എൽ/50835/14 നമ്പർ കത്ത്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ സംശയാസ്പദവും കിട്ടാക്കടവുമായ വായ്പകളുടെ കുടിശ്ശികയുള്ള കാലയളവ്, ജാമ്യത്തിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്ത് ആഡിറ്റിൽ കരുതലുകൾ വയ്ക്കേണ്ടത് സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത, വിശ്വാസ്യത എന്നിവ ഉറപ്പിൽ വരുത്തുന്നതിന് അത്യന്താപേക്ഷിതമാണെന്ന് ഭാരതീയ റിസർവ്വ് ബാങ്ക് നിഷ്കർഷിച്ചിട്ടു്. ഇപ്പോൾ നിലവിലുള്ള സൂചന (3)-ലെ 40/2007-ാം നമ്പർ സർക്കുലറിലെ മാനദണ്ഡങ്ങൾ പുന:പരിശോധിക്കണമെന്ന് സഹകാരികളും സഹകരണ സംഘങ്ങളുടെ സംഘടനകളും ആവശ്യപ്പെട്ടു. വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ സംഘങ്ങൾ/ബാങ്കുകൾ നൽകിയിട്ടുള്ള വായ്പകളിന്മേൽ തൻവർഷം ലഭിച്ച പലിശയ്ക്ക് പുറമേ തൻവർഷം ലഭിക്കുവാനുള്ള പലിശയും കൂട്ടി അതിൽ നിന്നും മുൻവർഷം ലഭിക്കുവാനുായിരുന്ന പലിശ കുറച്ച് ബാക്കി വരുന്ന തുക തൻവർഷത്തെ ലാഭനഷ്ട കണക്കിൽ പലിശ ഇനത്തിലുള്ള വരുമാനമായി കണക്കാക്കുന്ന നിലവിലുള്ള രീതി പുന: പരിശോധിക്കണമെന്നതായിരുന്നു പ്രധാന ആവശ്യം. സ്ഥാപനത്തിന് ലഭിച്ചിട്ടില്ലാത്ത പലിശ വരുമാനമായി ലാഭനഷ്ടകണക്കിൽ ഉൾപ്പെടുത്തുന്നത് കൺസർവേറ്റിസം തത്വത്തിന് എതിരാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ സൂചന(3)-ലെ സർക്കുലറിൽ ഭേദഗതി വരുത്തുന്നു. 2014-15 ആഡിറ്റ് വർഷത്തെ ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതു മുതൽ സംഘങ്ങൾ/ബാങ്കുകൾ നൽകിയിട്ടുള്ള വായ്പകളിന്മേൽ അതാതുവർഷം ലഭിക്കുന്ന പലിശ തുക മാത്രം അതാതു വർഷത്തെ പലിശ വരുമാനമായി ലാഭനഷ്ടകണക്കിൽ ഉൾപ്പെടുത്തിയാൽ മതിയാകുന്നതാണ്. സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭിക്കുവാനുള്ള പലിശ തുക അതാതു വർഷത്തെ ബാക്കിപത്രത്തിൽ ആസ്തിയായും ബാധ്യതയായും വരത്തക്കവിധം കോൺട്രാ എൻട്രിയായി ഉൾപ്പെടുത്തണം. 2014-15 ആഡിറ്റ് വർഷം മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം 10.12.2007-ലെ 40/2007-ാം നമ്പർ സർക്കുലറിലെ കരുതൽ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ചിരിക്കുന്നു. 40/2007-ാം നമ്പർ സർക്കുലറിലെ 2-ാമത്തെ വ്യവസ്ഥയായ

കുടിശ്ശിക പലിശയ്ക്ക് 100% കരുതൽ വയ്ക്കണമെന്ന വ്യവസ്ഥ പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു.

എ) ഒരു വർഷത്തിൽ താഴെയുള്ള കുടിശ്ശിക വായ്പകൾ } ഉത്തമവായ്പകൾ കരുതൽ വയ്ക്കേതില്ല.

ബി) ഒരു വർഷം മുതൽ 3 വർഷം വരെയുള്ള കുടിശ്ശിക വായ്പകൾ.

ബി(1) വസ്തു ജാമ്യത്തിന്മേലുള്ള വായ്പകൾ } ഉത്തമ വായ്പകൾ കരുതൽ വയ്ക്കേതില്ല.

ബി2) ആൾ ജാമ്യത്തിൽ മേലുള്ള വായ്പകൾ } കരുതൽ 10%

സി) മൂന്ന് വർഷം മുതൽ ആറ് വർഷം വരെയുള്ള കുടിശ്ശിക വായ്പകൾ. } സംശയാസ്പദം

സി(1) വസ്തു ജാമ്യത്തിന്മേലുള്ള വായ്പകൾ } കരുതൽ 50%

സി(2) ആൾ ജാമ്യത്തിൻ മേലുള്ള വായ്പകൾ } കരുതൽ 100%

ഡി) ആറ് വർഷത്തിന്മേലുള്ള കുടിശ്ശിക വായ്പകൾ കണക്കാക്കി } കിട്ടാക്കടമായി 100% കരുതൽ വയ്ക്കേതാണ്.

സ്വർണ്ണ പണയവായ്പകൾ, നിക്ഷേപ ഈടിന്മേൽ ഉള്ള വായ്പകൾ എന്നിവയ്ക്ക് മതിയായ സെക്യൂരിറ്റി ഉങ്കെിൽ സുരക്ഷിത വായ്പകളായി കണക്കാക്കി കരുതൽ വയ്ക്കേതില്ല.

മേൽ നിർദ്ദേശപ്രകാരമുള്ള തരംതിരിവിന്റെ അടിസ്ഥാനത്തിൽ വിശദമായ വായ്പാ പട്ടിക തയ്യാറാക്കി കരുതൽ വയ്ക്കുന്നതിലേക്ക് ആഡിറ്റർമാർക്ക് സ്ഥാപനങ്ങൾ നൽകേതാണ്.

2014-15 വർഷം മുതലുള്ള ആഡിറ്റുകൾക്ക് മേൽ മാനദണ്ഡങ്ങൾ കൃത്യമായി പ ാലിച്ചുകൊായിരിക്കണം റിപ്പോർട്ടുകൾ തയ്യാറാക്കേത്. ആഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിക്കുന്ന ഉദ്യോഗസ്ഥൻ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുന്ന് ഉറപ്പു വരുത്തേതാണ്.

ഒപ്പ്
വി.സനൽകുമാർ. ഐ.എ.എസ്
സഹകരണ ആഡിറ്റ് ഡയറക്ടർ

1. എല്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാർ(ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ മുഖേന)
3. എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ മുഖേന)
4. സഹകരണവീഥി
5. സഹകരണ സംഘം രജിസ്ട്രാർ( ആവരണകത്ത് സഹിതം)
6. എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി ഡയറക്ടർ